**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2258** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>കുഴഞ്ഞ് വീണുള്ള മരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീമതി. ദെലീമ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. സുജിത് വിജയൻപിള്ള

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പ്രായഭേദമെന്യേ മനുഷ്യർ കുഴഞ്ഞ് വീണ് മരിക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

**<u>മറുപടി:</u>** പ്രായഭേദമെന്യേ മനുഷ്യർ കുഴഞ്ഞ് വീണ് മരിക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മധ്യവയസ്കരിലും യുവാക്കളിലും ഹൃദയസ്തംഭനവും കുഴഞ്ഞുവീണുള്ള മരണവും ഉണ്ടായതായി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഐ.സി.എം.ആർ ഉം, ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും സംയുക്തമായി നടത്തിയ പഠനങ്ങളിലെല്ലാം തന്നെ കോവിഡും ആകസ്മിക മരണങ്ങളുമായി ബന്ധമില്ലായെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കോവിഡാനന്തര കാലഘട്ടത്തിൽ ആരോഗ്യ സംബന്ധമായ വിവരങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വർധിച്ചതും, മരണങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ജനശ്രദ്ധ വർധിച്ചതുമാണ് ഇത്തരം മരണങ്ങൾ കൂടുതലായി ശ്രദ്ധിക്കപ്പെടുന്നത്.

ജീവിതശൈലീ രോഗം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇത്തരം രോഗങ്ങളുടെ സങ്കീർണ്ണമായ അവസ്ഥയിൽ കുഴഞ്ഞുവീണ മരണങ്ങൾ സംഭവിക്കുന്നതിനുള്ള സാധ്യത വളരെ കൂടുതലായതിനാൽ ഇത്തരം സാഹചര്യം അവലോകനം നടത്തുകയും ജീവിതശൈലി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി NCD ക്ലിനിക്കുകൾ എല്ലാ ആശുപത്രികളിലും സ്ഥാപിക്കുകവഴി ജീവിതശൈലീ രോഗബാധയുള്ളവർക്കുള്ള സ്ക്രീനിംഗ്, രോഗനിർണ്ണയം, ചികിത്സ എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ട്.

**(ബി)** കോവിഡാനന്തരമാണ് ഇത്തരത്തിലുള്ള മരണങ്ങൾ വ്യാപകമായി കണ്ടുവരുന്നതെന്നുള്ള അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ചെറുപ്പക്കാർ ഉൾപ്പെടെയുള്ള നിരവധിയാളുകൾ കുഴഞ്ഞു വീണു മരിക്കുന്നുവെന്നും, കോവിഡ് വാക്സിനേഷനുമായി ഇത്തരം മരണങ്ങൾ ബന്ധപ്പെട്ടിരിക്കുന്നുവെന്നുമുള്ള അഭ്യൂഹങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോവിഡ്

വാക്സിനുമായി ഈ മരണങ്ങൾക്ക് ബന്ധമില്ലായെന്നും ICMR, AIIMS തലത്തിൽ ഏഴായിരത്തിൽ അധികം ആളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ കാണിക്കുന്നത് നേരത്തെ കണ്ടെത്താത്തതോ കണ്ടെത്തിയതോ ആയ ജീവിതശൈലി രോഗങ്ങൾ, പൊണ്ണത്തടി, പുകവലി തുടങ്ങിയവയാണ് മധ്യവയസ്കരിലും, യുവാക്കളിലും പെട്ടന്ന് ഉണ്ടാകുന്ന മരണത്തിന് കാരണമാകുന്നതെന്നാണ്.

**(സി)** പ്രസ്തുത സംഭവത്തിൽ നിന്നും മുക്തി നേടുന്നതിന് രോഗം മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ലഭ്യമാണോയെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** ആകസ്മിക മരണങ്ങൾ സംഭവിക്കുന്നത് എന്തെങ്കിലും കാരണത്താൽ ഹൃദയതാളം നിൽക്കുമ്പോളാണ്. ഇതിനെ കാർഡിയോ പൾമണറി അറസ്റ്റ് അഥവാ ഹൃദയസ്തംഭനം എന്നറിയപ്പെടുന്നു. ഇത് മുൻകൂട്ടി കണ്ടെത്തുന്നതിനോ പ്രതിരോധ ചികിത്സ നേടുന്നതിനോ ഉള്ള സംവിധാനങ്ങൾ നിലവിലില്ല.

മെഡിക്കൽ കോളേജ് ഒ.പികളിൽ വരുന്ന രോഗികളെ പ്രശ്നാധിഷ്ഠിതമായി കാർഡിയോളജി, സൈക്യാട്രി എന്നിവയിലേക്കും റഫർ ചെയ്തു ചികിത്സ നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റ് കോവിഡ് അവസ്ഥയെപ്പറ്റി മെഡിക്കൽ കോളേജുകളിൽ പൊതുജനങ്ങൾക്കായി ബോധവത്കരണവും നടത്തിയിട്ടുണ്ട്. പോസ്റ്റ് കോവിഡ് വിഷയത്തിൽ കേരള ആരോഗ്യ സർവകലാശാല പഠനം നടത്തുന്നതിനായി ഒരു പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

**(ഡി)** ഇതു സംബന്ധിച്ച് എന്തെങ്കിലും ഗവേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും പ്രാഥമിക നിഗമനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കേരള ആരോഗ്യ സർവ്വകലാശാലയുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പഠനം നടന്നു വരുന്നു. എന്നാൽ ഐ.സി.എം.ആർ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപിഡെമിയോളജി ഏഴായിരത്തിൽ അധികം ആളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ കാണിക്കുന്നത് നേരത്തെ കണ്ടെത്താത്തതോ കണ്ടെത്തിയതോ ആയ ജീവിതശൈലി രോഗങ്ങൾ പൊണ്ണത്തടി, പുകവലി തുടങ്ങിയവയാണ് ഇത്തരത്തിലുള്ള മരണങ്ങളുടെ കാരണമെന്നാണ്. കോവിഡ് വാക്സിനേഷൻ ആളുകളെ മരണത്തിൽ നിന്നും കൂടുതൽ സംരക്ഷിച്ചതായിട്ടാണ് പഠനങ്ങൾ കാണിക്കുന്നത്. കോവിഡ് വാക്സിൻ മരണങ്ങൾക്ക് കാരണമാകുന്നുവെന്ന ആരോപണം ലോകവ്യാപകമായി ഉണ്ടെങ്കിലും ലോകത്ത് ഒരു പഠനത്തിനും ആയത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

കോവിഡ് വാക്സിൻ സ്വീകരിക്കുന്നവരിൽ രക്തം കട്ട പിടിക്കുന്നതിനുള്ള സാധ്യത വളരെ വിരളമായെങ്കിലുമുണ്ടാകാമെന്ന് പഠനങ്ങൾ പുറത്ത് വന്നിട്ടുണ്ട്. വാക്സിന്റെ ഗുണങ്ങളെ താരതമ്യം ചെയ്യുമ്പോൾ ഈ പാർശ്വ ഫലങ്ങൾ വളരെ നിസ്സാരമാണ്.

**(ഇ)** ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണ പ്രവർത്തനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഹൃദയ സംബന്ധമായ രോഗങ്ങളെക്കുറിച്ചും ഹൃദയാഘാതത്തെക്കുറിച്ചും ഹൃദയ സ്തംഭനത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് കർമ്മ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സന്നദ്ധരായ ജനങ്ങൾക്ക് Cardio Pulmonary Resuscitation (CPR) പരിശീലനം നൽകുന്നതിനുള്ള ബൃഹത് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**